**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1435** **01-07-2026-ൽ മറുപടിയ്ക്ക്**

**<u>ഉദ്യോഗസ്ഥരുടെ സ്ഥലം മാറ്റം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>**

ശ്രീ. പി. എ. മുഹമ്മദ് റിയാസ്

ശ്രീ. കെ. കെ. രാമചന്ദ്രൻ

ശ്രീ. എം. വിജിൻ

ശ്രീമതി ഒ. എസ്. അംബിക

**<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. വി. ഡി. സതീശൻ

(മുഖ്യമന്ത്രി)

**(എ)** ഈ സർക്കാർ അധികാരമേറ്റ 2026 മെയ് 15 ന് മുമ്പ്, മെയ് 5 മുതൽ 18 വരെയുള്ള കാലയളവിൽ വിവിധ വകുപ്പുകളിൽ ഉദ്യോഗസ്ഥരുടെ സ്ഥലം മാറ്റ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ വകുപ്പുകളിലായി എത്ര ജീവനക്കാരെ ഇപ്രകാരം മാറ്റിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

**<u>മറുപടി:</u>** ഉണ്ട്. മെയ് 5 മുതൽ 18 വരെയുള്ള കാലയളവിൽ വിവിധ വകുപ്പുകളിൽ നിന്നും പുറപ്പെടുവിച്ച ഉദ്യോഗസ്ഥരുടെ സ്ഥലം മാറ്റ ഉത്തരവുകൾ സംബന്ധിച്ച വിശദാംശങ്ങൾ ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല.

**(ബി)** പൊതു വിദ്യഭ്യാസ വകുപ്പ് (05.05.2026-ലെ ഡി. ജി. എ/41/226-സി3), ഹയർസെക്കണ്ടറി വിഭാഗം (05.05.2026-ലെ എച്ച്. എസ്. ഇ/9448/2026-എ.ഡി.എം) എന്നിവ പുറപ്പെടുവിച്ച സ്ഥലം മാറ്റ ഉത്തരവുകളിൽ ഒരു പ്രത്യേക സർവ്വീസ് സംഘടനയുടെ കത്തുകൾ പരാമർശമായി ഉൾപ്പെടുത്താനുള്ള സാഹചര്യം നിലവിലുള്ള ഏത് സർവ്വീസ് ചട്ടത്തിന്റെ അടിസ്ഥാനത്തിലാണെന്ന് വ്യക്തമാക്കാമോ;

**<u>മറുപടി:</u>** പൊതു വിദ്യാഭ്യാസ വകുപ്പ് 05/05/2026 -ൽ പുറപ്പെടുവിച്ച ഡി.ജി.ഇ/41/226/-സി3 , ഹയർ സെക്കന്ററി വിഭാഗം 05/05/2026 -ൽ പുറപ്പെടുവിച്ച എച്ച് . എസ്സ്. ഇ /9448/2026-എ.ഡി എ1 നമ്പർ ഉത്തരവുകൾ വകുപ്പിന്റെ സുഗമമായ പ്രവർത്തനത്തിനായി ഭരണസൗകര്യാർത്ഥം പുറപ്പെടുവിച്ചിട്ടുള്ള ആഭ്യന്തര ക്രമീകരണ ഉത്തരവുകൾ മാത്രമാണ്.

05/05/2026 -ൽ പുറപ്പെടുവിച്ചിട്ടുള്ള മേൽ ഉത്തരവുകളിൽ അംഗീകൃത സർവ്വീസ് സംഘടനയുടെ കത്തുകൾ പരാമർശമായി ചേർത്തിരുന്നു എങ്കിലും ടി അപാകത ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് 05/05/2026 -ലെ എച്ച് .എസ്സ് .ഇ /9448/2026-എ.ഡി എ1 നമ്പർ ഉത്തരവിലെ പരാമർശം ഒഴിവാക്കി 08.05.2026 – ലെ എച്ച്.എസ്.ഇ/9448/2026-എ. ഡി എ1 നമ്പർ ഉത്തരവ് പ്രകാരം ഭേദഗതി വരുത്തിയിട്ടുള്ളതാകുന്നു.

**(സി)** സ്വന്തം അപേക്ഷയില്ലാതെ ക്ലാസ് ഫോർ ജീവനക്കാരെ മാറ്റാൻ പാടില്ലെന്ന മാനദണ്ഡം നിലനിൽക്കെ വിവിധ വകുപ്പുകളിലായി മുപ്പത്തിയെട്ട് ക്ലാസ് ഫോർ ജീവനക്കാരേയും നിയമപരമായി

മൂന്ന് വർഷത്തെ പ്രൊട്ടക്ഷൻ കാലാവധി ലംഘിച്ചുകൊണ്ട് ഉദ്യോഗസ്ഥരെയും മാറ്റിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിൻമേൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;

**<u>മറുപടി:</u>** മാനദണ്ഡ വിരുദ്ധമായി ക്ലാസ് ഫോർ ജീവനക്കാരെ സ്ഥലം മാറ്റിയതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**(ഡി)** ആസൂത്രണ ബോർഡിൽ ഒഴിവില്ലാത്തതിനെത്തുടർന്ന് ഒരു ജീവനക്കാരന് നിയമനം നൽകാനായി പി. എസ്. സി വഴി ജോലിയിൽ പ്രവേശിച്ച വനിതാ ജീവനക്കാരിയെ സർവ്വീസിൽ നിന്ന് ഒഴിവാക്കിയ നടപടി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ?

**<u>മറുപടി:</u>** സംസ്ഥാന ആസൂത്രണ ബോർഡ് വൈസ് ചെയർമാന്റെ ഓഫീസിൽ നിന്നും അന്യത്ര സേവനം കഴിഞ്ഞുവന്ന ജീവനക്കാരന് ആസ്ഥാന കാര്യാലയത്തിൽ ഒഴിവില്ലാതിരുന്ന സാഹചര്യത്തിൽ 23.05.2026 ലെ spb/648/2021/ഇ4 പ്രകാരം അദ്ദേഹത്തിന്റെ DRB ആയ തൃശ്ശൂർ ജില്ലയിലേക്ക് നിയമനം നൽകിയതിനെ തുടർന്ന് പ്രസ്തുത ഓഫീസിലെ ഏറ്റവും ജൂനിയറായ ജീവനക്കാരിയെ സർവീസിൽ നിന്നും പുറത്താക്കേണ്ടി വന്നിട്ടുണ്ട്. പ്രസ്തുത ഉത്തരവിനെതിരെ ടിയാൾ ബഹു. കേരള അഡ്മിനിസ്ട്രേറ്റിവ് ട്രൈബ്യൂണൽ മുൻപാകെ OA(EKM)639/2026 നമ്പർ കേസ് ഫയൽ ചെയ്തു. പ്രസ്തുത കേസിൻമേലുള്ള 26.05.2026 ലെ ഇടക്കാല ഉത്തരവ് പ്രകാരം മേൽ നടപടി ബഹു. കേരള അഡ്മിനിസ്ട്രേറ്റിവ് ട്രൈബ്യൂണൽ താത്ക്കാലികമായി സ്റ്റേ ചെയ്തിട്ടുള്ളതുമാകുന്നു.

**സെക്ഷൻ ഓഫീസർ**